# മഹാബലി വന്നപ്പോൾ

എ. കെ. നടക്കാവ്, IV U. C.

മൂന്നാലു മാസത്തോളമായി അന്തമില്ലാതെ പെയ്തുകൊണ്ടിരുന്ന കാലവർഷം ശമിച്ചു; മേഘപടലങ്ങൾ നീങ്ങി എങ്ങോ മറഞ്ഞു; മാനം തെളിഞ്ഞു ശോഭിച്ചു; അന്തരീക്ഷം ശാന്തമായി നിലകൊണ്ടു; ഉദ്യാനങ്ങളിലേയും പാതവക്കിലേയും വൃക്ഷലതാദികൾ എല്ലാവരേയും ഹ്ലാദാകർഷികളായി പൂത്തുകായ്ച്ചു. അതെ, ചിങ്ങമാസത്തിലെ തിരുവോണത്തിനേയും പ്രതീക്ഷിച്ചു ഭൂദേവിപോലും ഹൃദയം കുളിർത്താനന്ദിച്ചു.

വേനലിലും വർഷത്തിലും ഒരുപോലെ ഉന്മേഷജനകമായ ഒന്നാണ് ആ ഗ്രാമം. അതിലെ വളഞ്ഞു പുളഞ്ഞു ഒഴുകുന്ന ഒരു ചെറുനദി ആ പ്രദേശത്തിന്റെ പ്രകൃതിസിദ്ധമായ കാന്തിക്ക് മാറ്റുകൂട്ടുന്നു. ചെറിയ ചെറിയ കുടിലുകളും വലിയ വലിയ സൌധങ്ങളും ഉയർന്നുയർന്ന കുന്നുകളും ഇടകലർന്നുള്ള ആ ഗ്രാമഭംഗി ഹൃദയാവർജ്ജകമായ ഒരു കാഴ്ചതന്നെയാണ്. അത്യാഹ്ളാദകരവും, ശാന്തഗംഭീരവുമായ അവിടത്തെ പ്രകൃതി രമണീയതയെ കണ്ടാനന്ദിക്കുവാനും കുറച്ചു ദിവസം അവിടെ താമസിച്ച് വിശ്രമിക്കുവാനും, ആണ്ടുതോറും എത്രയോ പ്രമാണിമാർ അടുത്ത പട്ടണങ്ങളിൽനിന്നു അവിടെ വന്നെത്താറുണ്ട്. അപ്പോൾ അവർക്കു വേണ്ടുന്ന ഒത്താശകൾ ചെയ്തും, കോഴി, മുട്ട, പാൽ മുതലായ സാധനങ്ങൾ വിറ്റുമാണ് ആ ഗ്രാമവാസികളിൽ അധികംപേരും ജീവിക്കുന്നത്. കായലിൽനിന്നു മത്സ്യംപിടിച്ചും, വനങ്ങളിൽനിന്ന് പൊറിഞ്ഞുവീണ് ഒഴുകി വരുന്ന തടികൾ കരസ്ഥമാക്കിയുമാണ് വേറെ ചിലർ നാളുകൾ കഴിക്കുന്നത്. കർഷകവൃത്തിയിൽ ഏർപ്പെട്ടും, അടുത്ത പട്ടണത്തിൽപോയി വല്ല തൊഴിൽശാലയിലും വേലചെയ്തും താന്താങ്ങളുടെ കുടുംബങ്ങളെ പാലിക്കുന്നവരും ഒട്ടും കുറവല്ല.

ലീലയും അവളുടെ ഭർത്താവ് സോമനും ആ കായൽ വക്കത്തുള്ള ഒരു ചെറുകുടിലിലായിരുന്നു താമസിച്ചിരുന്നത്. പരിശുദ്ധമായ സ്നേഹത്തിന്റെ ഫലമായിരുന്നു അവരുടെ വിവാഹം. മിക്കവാറും രണ്ടു കൂട്ടരുടേയും ബന്ധുജനങ്ങൾക്ക് അതു സന്തോഷരഹിതമായ ഒന്നായിരുന്നതുകൊണ്ടാണ് അവർക്ക് അങ്ങിനെ സ്വാശ്രയജീവിതം നയിക്കേണ്ടിവന്നത്. അതു അവരുടെ ജീവിതത്തെ മുഷിപ്പിക്കുന്നതിനു പകരം ഭാസുരമാക്കിത്തീർക്കുകയാണ് ചെയ്തത്. കൂരിരുട്ടിൽപ്പെട്ടു നട്ടം തിരിയുന്നവർക്ക് ഒരു കൈവിളക്ക് എന്നപോലെ, അവർക്ക് ഒരു ആൺകുട്ടിയും ജനിച്ചു. അതോടുകൂടി അവരുടെ ജീവിതത്തോപ്പിൽ സുഗന്ധപൂർണ്ണമായ കുസുമങ്ങൾ അവയുടെ പരിമളം പരത്തുവാൻ തുടങ്ങി.

സോമന് അടുത്ത പട്ടണത്തിലെ ഒരു വലിയ ധനികനായ കാസിംസാഹിബിന്റെ നെയ്ത്തുശാലയിലായിരുന്നു പ്രവൃത്തി. അവിടത്തെ തുച്ഛമായ ശമ്പളംകൊണ്ടായിരുന്നു അവൻ തന്റെ ചെറിയ കുടുംബത്തെ ദാരിദ്ര്യപ്പിശാചിന്റെ വക്ത്രത്തിൽനിന്ന് അകററിനിർത്തിയിരുന്നത്. ആഡംബരരഹിതമായിരുന്നുവെങ്കിലും ഐശ്വര്യപൂർണ്ണമായ ഒന്നുതന്നെയായിരുന്നു അവരുടെ ജീവിതം.

കാലചക്രം അതിന്റെ പാട്ടിനു തിരിഞ്ഞുകൊണ്ടേയിരുന്നു. ആഴ്ചകളും മാസങ്ങളും, കൊല്ല

ങ്ങളും ഒന്നു മറ്റൊന്നിന് സ്ഥാനം ഒഴിഞ്ഞുകൊടുത്ത് എങ്ങോ പോയി മറഞ്ഞു. ‘‘തേനും പാലും’’ ഒഴുകിയിരുന്ന നാട്, ദാരിദ്ര്യദേവതയുടെ കേളീരംഗമായി മാറി. ‘‘പണിമുടക്കം’’—തൊഴിലാളികൾ മുതലാളിമാരുടെ നേരെ ഉപയോഗിക്കുന്ന വലിയ ആയുധം—നെടുനീളെ പൊട്ടിത്തെറിച്ചു പുകയുന്ന സമയം; അടിമത്തവും യജമാനത്തവും തമ്മിൽ പോരാടുന്ന കാലം; സർവ്വത്ര ‘‘സ്ട്രൈക്കും’’ ‘‘പിക്കറ്റിങ്ങും’’ തിരുതകൃതി. നെയ്ത്തുശാലകൾ, ഈർച്ചക്കമ്പനികൾ, ഓട്ടുകമ്പനികൾ—എല്ലാം പൂട്ടിക്കിടക്കുന്നു. നിരവധി തൊഴിലാളികൾ പോലീസുകാരുടെ ക്രൂരമായ മർദ്ദനത്തിന് വശംവദരായി വലഞ്ഞു. ആ കൂട്ടത്തിൽ സോമനും ഉലഞ്ഞു.

ലീലക്ക് ഈ വാർത്ത അവളുടെ ജീവിതാരാമത്തിലെ അമൂല്യപുഷ്പത്തെ ഒരു വികൃതി, നുള്ളിനശിപ്പിച്ചതുപോലെയാണ് അനുഭവപ്പെട്ടത്. ഏതോ ഒരു ക്രൂരൻ അവളെ മുക്കിക്കൊല്ലുന്നതുപോലെയാണ് തോന്നിയത്. അവളുടെ സർവ്വ ആശകളും മണൽക്കോട്ടപോലെ ഒറ്റനിമിഷത്തിൽ തകർന്നു പൊടിയായി. നിരാലംബയായ അവൾ ഒന്നു നിശ്ചയിച്ചു—ഭർത്താവിനെ കാലനൂരിലേക്കു പിന്തുടരുക. അങ്ങിനെ ചെയ്യാൻ അവൾ തയ്യാറായി. പക്ഷെ അവൾക്കു അതു ചെയ്യുവാൻ കഴിഞ്ഞില്ല, ആത്മസന്താനത്തിന്റെ ദയനീയ സ്ഥിതിയെ ദീർഘദർശനം ചെയ്തപ്പോൾ.

സൂര്യാസ്തമയങ്ങൾ പലതും കഴിഞ്ഞു. വില്ക്കുവാൻ കഴിയുന്നേടത്തോളമെല്ലാം വിറ്റു അവൾ വിശപ്പടക്കി. അയൽഗൃഹങ്ങളിൽ കൂലിവേല ചെയ്തും വളരെ നാളുകൾ അവൾ എണ്ണിക്കഴിച്ചു. അതിന്നിടക്ക് എത്രയോ പേർ സഹായഹസ്തം നീട്ടിക്കൊണ്ടു അവളെ സമീപിച്ചുവെങ്കിലും അവരെയെല്ലാം അവൾ നിർദ്ദാക്ഷിണ്യം ആട്ടിയോടിക്കുകയാണ് ചെയ്തത്. അതെ, സ്വന്തം ദേഹം വിറ്റു ജീവിക്കുന്നതിനേക്കാൾ ഉത്തമം മരിക്കുന്നതാണെന്നു അവൾ ദൃഢമായി വിശ്വസിച്ചു; കാമദേവന്റെ സഹായത്തേക്കാൾ മാധുര്യമേറിയതു് ദാരിദ്ര്യദേവതയുടെ മർദ്ദനമാണെന്നു അവൾ മനസ്സിലാക്കി; ജീവനാഥന്റെ ഹൃദയത്തെ വഞ്ചിക്കുന്നതിനേക്കാൾ ഭേദമായിട്ടുള്ളതു് താൻ നശിക്കുന്നതാണെന്ന് അവൾ തീർച്ചയാക്കി.

ചിങ്ങമാസം പിറന്നു. കേരളീയർ വളരെ മാഹാത്മ്യം കല്പിച്ചിട്ടുള്ള തിരുവോണം ആസന്നമായി. പൂക്കൊട്ടകളുമെടുത്തു സീമാതീതമായ സന്തോഷത്തോടുകൂടി പൂവല്ലികൾതോറും പാഞ്ഞു നടക്കുന്ന കുട്ടികളുടെ ശബ്ദംകൊണ്ടു ആ പ്രദേശമെങ്ങും മുഖരിതമായി. വലിയവർ പുതു വസ്ത്രങ്ങളും മറ്റും കരസ്ഥമാക്കുന്നതിലും വ്യാപൃതരായി. അതെ, ആ ഗ്രാമത്തിലെ ജനങ്ങൾ ആബാലവൃദ്ധം തിരുവോണത്തെയും പ്രതീക്ഷിച്ചു ആഹ്ലാദഭരിതരായി. പക്ഷെ കായൽവക്കത്തുള്ള ആ ചെറുകുടുംബത്തിന്റെ സ്ഥിതിമാത്രം ഇതിൽനിന്നെല്ലാം വ്യത്യസ്തമായ ഒന്നായിരുന്നു—ഭർത്തൃവിരഹത്താൽ ദുഃഖിതയായ ലീലയും അവളുടെ ഓമനസന്താനമായ സുകുമാരനും.

അവൾക്ക് ഇക്കൊല്ലം ഓണം വേണ്ട. എങ്കിലും അയൽവക്കത്തെ കുട്ടികൾ അന്നു മോടിയുള്ള വസ്ത്രങ്ങളും മറ്റും അണിഞ്ഞു സാനന്ദം തുള്ളിച്ചാടി നടക്കുമ്പോൾ, സുകുമാരൻ.................. അവളോർത്തു അടുത്ത വീട്ടിലെ നാരായണിഅമ്മയോട് രണ്ടുറുപ്പിക അവൾ കടം മേടിച്ചു അവനു ഒരു ഷർട്ട് വാങ്ങുവാൻ അവൾ മടിച്ചില്ല. അവളും ഒരമ്മയല്ലേ? ‘‘അരിമണിയൊന്നു കൊറിപ്പാനില്ല, തരിവളയിട്ടു കിലുക്കാൻ മോഹം’’...........

ഓണദിനം പുലർന്നു. തലേദിവസം മുതല്ക്കുതന്നെ പടക്കം പൊട്ടിച്ചു അവിടത്തെ ശാന്തതയെ അലങ്കോലപ്പെടുത്തുന്നതിൽ—അല്ല വിനോദിക്കുന്നതിൽ—ഗ്രാമത്തിലെ മുഴുവൻ കുട്ടികളും ജാഗരൂകരായിരുന്നു. കാലം കോലം മാറിയതുണ്ടോ അവരറിയുന്നു! മൂന്നാലു ദിവസം ഭക്ഷണം കഴിക്കാതെ സൂക്ഷിച്ചുവെച്ച അരികൊണ്ടാണ് അന്നു അവർ ഭക്ഷണം കഴിക്കുന്നതെന്നുംകൂടി ആ പിഞ്ചുപൈതങ്ങൾ ഒരു പക്ഷെ അറിഞ്ഞിരിക്കയില്ല. അങ്ങിനെ ആ സുകുമാരനും വലിയൊരു ആഗ്രഹം രണ്ടു പടക്കം പൊട്ടിക്കാൻ. അമ്മയെ വളരെ ശല്യപ്പെടുത്തി രണ്ടെണ്ണം അവൻ കരസ്ഥമാക്കി.

‘‘മോനെ, കയ്യും കാലുമൊന്നും പൊള്ളിക്കരു

തെ'' പൈസ കൊടുത്തുകൊണ്ടു അമ്മ പ്രിയ പുത്രനെ അനുശാസിച്ചു.

''ഇല്ലമ്മേ'' എന്നും പറഞ്ഞു പടക്കം മേടിക്കുവാൻ അവൻ പുറത്തേക്കു ഓടി.

രണ്ടെണ്ണം അവൻ ഭംഗിയായി പൊട്ടിച്ചു. മൂന്നാമത്തെ പടക്കം പൊട്ടിത്തെറിച്ചതു അവന്റെ ദേഹത്തിലേക്കായിരുന്നു. ഷട്ടിനു് തീപ്പിടിച്ചപ്പോൾ ഭയവിഹ്വലനായി അവൻ വീട്ടിലേക്കു നിലവിളിച്ചോടി. പിന്നാലെ അവന്റെ തോഴരും. അപ്പോഴേക്കും അവന്റെ ദേഹം ഒട്ടുമുക്കാലും പൊള്ളിപ്പോയിരുന്നു. അമ്മയോടു പറഞ്ഞതു പോലെ കയ്യും കാലും അവൻ പൊള്ളിച്ചില്ല.

ഭക്ഷണസാധനക്ഷാമത്തെ അവഗണിച്ചു എല്ലാവരും അന്നു സന്തോഷസാഗരത്തിൽ ആറാടി. ആ ചെറുകുടുംബം ഒഴികെ—ആസന്നമരണനായി കിടക്കുന്ന ആ ബാലനും, അടുത്തു കണ്ണുനീർ വാർത്തുകൊണ്ടുകിടക്കുന്ന ആ അമ്മയും. തന്റെ പ്രജകളുടെ ക്ഷേമത്തെ കണ്ടറിയുവാനായി മഹാബലി ചക്രവർത്തി തിരുമനസ്സുകൊണ്ടു് അന്നു കേരളത്തിൽവന്നപ്പോൾ ഇതു കണ്ടിരിക്കുമോ ആവോ?